**FILE No. KITE/36/2021-PA2**

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2022/ 1707-1 (2) തീയതി : 05.03.2022

## സർക്കുലർ

വിഷയം:- **കൈറ്റ് – വിദ്യാകിരണം പദ്ധതി – കുട്ടികൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്പുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ – Claim – നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ.ഉ (സാധാ) നം.3609 / 2021 /പൊ.വി.വ തീയതി 10.08.2021
2. സ.ഉ (സാധാ) നം.4547 / 2021 /പൊ.വി.വ തീയതി 11.10.2021
3. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം പൂർണമായ തോതിൽ നടപ്പാക്കാനായി ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികൾക്ക് സമൂഹ സഹായത്തോടെ ലഭ്യമാക്കാൻ 'വിദ്യാകിരണം' പദ്ധതി നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശം സൂചന 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് വിതരണം ചെയ്യുന്നതിന് പകരം 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂൾ വഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 45313 ലാപ്ടോപ്പുകൾ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം കുട്ടികൾക്കും കൈറ്റ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. ടി ലാപ്ടോപ്പുകൾക്ക് കൈറ്റ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് claim ലഭിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ലാപ്ടോപ്പ് ലഭ്യമാക്കുന്നത്. അതിനാൽ ലാപ്ടോപ്പ് കൃത്യമായി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗം ഉറപ്പുവരുത്തുന്നതിനും പ്രത്യേക സംവിധാനം സ്കൂൾ അധികൃതർ തന്നെ ഒരുക്കേണ്ടതാണ്.

2. ലാപ്ടോപ്പുകൾക്ക് 30.12.2021 മുതൽ 29.12.2022 വരെ ഇൻഷ്വറൻസ് പരിരക്ഷ കൈറ്റ് ഒരുക്കിയിട്ടുണ്ട്. അതിനാൽ ലാപ്ടോപ്പിന് മോഷണം, കവർച്ച, തീപിടുത്തം എന്നിവ സംഭവിച്ചാൽ പ്രസ്തുത വിവരം ഉടൻതന്നെ കുട്ടിയോ രക്ഷിതാവോ സ്കൂളിനെ അറിയിക്കേണ്ടതും സ്കൂൾ അധികൃതർ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനോടൊപ്പം ഇൻഷ്വറൻസ് കമ്പനിയേയും ഉടൻതന്നെ ടെലിഫോൺ/ ഇ-മെയിൽ മുഖേന വിവരം അറിയിക്കേണ്ടതാണ് (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in). ഇൻഷ്വറൻസ് കമ്പനിയെ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിവരം അറിയിക്കാത്ത പക്ഷം ഇൻഷ്വറൻസ് ക്ലെയിം നിരാകരിക്കപ്പെടുവാൻ സാധ്യതയുണ്ട്.

3. ഇൻഷുറൻസ് ലഭിക്കുന്നതിന് ക്ലെയിം ഫോം (www.kite.kerala.gov.in ൽ notification ൽ ലഭ്യമാണ്) പൂരിപ്പിച്ച് പോലീസ് സ്റ്റേഷനിൽ നിന്നുള്ള എഫ്.ഐ.ആർ സഹിതം ഇൻഷുറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം സംഭവം നടന്ന് 14 ദിവസത്തിനകം സ്കൂൾ അധികൃതർ അറിയിക്കേണ്ടതാണ്. കൂടാതെ ഒറിജിനൽ രേഖകൾ United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695010 എന്ന വിലാസത്തിലേയ്ക്ക് തപാലിൽ അയക്കേണ്ടതാണ്.

4. ലാപ്ടോപ്പ് സ്കൂളിൽ അല്ലെങ്കിൽ ലഭിച്ച വിദ്യാർത്ഥികളുടെ പക്കൽ ആയിരിക്കുമ്പോൾ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ ലാപ്ടോപ്പ് ലഭിച്ച വിദ്യാർത്ഥി/വിദ്യാർത്ഥിനി കൃത്യമായും സുരക്ഷിതമായും ഉപയോഗിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കോ മറ്റുള്ളവർക്കോ കൈമാറരുതെന്നും കുട്ടികൾക്കും രക്ഷിതാക്കൾക്കും നിർദ്ദേശം നൽകേണ്ടതുമാണ്.

5. ലാപ്ടോപ്പ് നഷ്ടപ്പെട്ടാൽ സ്കൂൾ കോഡ്, സ്കൂൾ മേൽവിലാസം, ബന്ധപ്പെടേണ്ട സ്കൂൾ അധികൃതരുടെ മൊബൈൽ ഫോൺ നമ്പർ, സ്കൂളും രക്ഷിതാവും തമ്മിലുള്ള Signed MOU-ന്റെ പകർപ്പ്, ലാപ്ടോപ്പ് issue Register-ന്റെ പകർപ്പ്, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ്, പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR-ന്റെ പകർപ്പ് എന്നിവ ക്ലെയിം ഫോമിനൊപ്പം ഉൾപ്പെടുത്തി സ്കൂൾ അധികൃതർ ഇൻഷുറൻസ് കമ്പനിക്ക് 100402@uiic.co.in ൽ മെയിൽ അയയ്ക്കേണ്ടതാണ്.

6. തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങൾക്ക് Fire brigade report, KSEB report, FIR, Final report എന്നിവ സ്കൂൾ അധികൃതർ ഹാജരാക്കേണ്ടതാണ്.

7. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് അതത് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷുറൻസ് തുക ലഭിക്കുന്നത്. ആയതിനാൽ ഈ രേഖകൾക്കായി പോലീസ് സ്റ്റേഷനുമായി സ്കൂൾ അധികൃതരുടെ നിരന്തരമായ ഫോളോഅപ്പ് അത്യന്താപേക്ഷിതമാണ്.

8. Insurance Company യുടെ പ്രതിനിധികൾ claim സംബന്ധിച്ച് School സന്ദർശിക്കുമ്പോൾ അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതും ഇൻഷുറൻസ് ക്ലെയിമുമായി ബന്ധപ്പെട്ട് അവർ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
സ്റ്റോക്ക് ഫയൽ